Official Monthly Bulletin June 2013

# MARIAN



**St. Mary's Indian Orthodox Cathedral**
P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092
E-mail: info@stmarybahrain.com Website: www.stmarybahrain.com

# St.Mary's Indian Orthodox Cathedral

P.O.Box 834, Manama, Kingdom of Bahrain Tel : 17252980 Fax 17276092
Email : stmarys@batelco.com.bh Website : www.stmarybahrain.com

## INDO-BAHRAIN ORTHODOX FAMILY MEET-2

On Sunday ,the 28th July 2013 at
Orthodox Theological Seminary
(Pazhaya Seminary)
Chungom, Kottayam

നമ്മുടെ കത്തീഡ്രലിലെ മുൻ അംഗങ്ങളെയും നിലവിലുള്ള അംഗങ്ങളെയും ഉൾപ്പെടുത്തിരണ്ടാമത് ഇൻഡോ-ബഹറിൻ ഓർത്തഡോക്സ് ഫാമിലി മീറ്റ് സഭയുടെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനായ വട്ടശ്ശേരിൽ ഗീവറുഗ്ഗിസ് മാർ ദീവന്നാസ്യോസ് തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന കോട്ടയം പഴയസെമിനാരിയിൽ വച്ച് 2013 ജൂലൈ മാസം 28-ാം തീയതി രാവിലെ 7 മണി മുതൽ വൈകിട്ട് 4.30 വരെ നടത്തപ്പെടുന്നു. അന്നത്തെ വിവിധ ചടങ്ങുകളിൽ പരിശുദ്ധ കാതോലിക്കാബാവ മോറോൻ മാർ ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ തിരുമേനി, ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനി, എന്നീ പിതാക്കന്മാരും ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ആഭ്യന്തര മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രവാസികാര്യ മന്ത്രി ശ്രീ. കെ.സി.ജോസഫ്, ശ്രീ. ജോസ് കെ. മാണി എം.പി., സഭാട്രസ്റ്റി ശ്രീ. എം.ജി.ജോർജ്ജ് മുത്തൂറ്റ്, സഭാസെക്രട്ടറി ശ്രീ. ജോർജ്ജ് ജോസഫ് തുടങ്ങിയ പ്രമുഖ വ്യക്തികളും സംബന്ധിക്കുന്നു. ഈ കുടുംബസംഗമം വൻ വിജയമായിത്തീരുവാൻ നിങ്ങൾ ഏവരുടേയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പേരു വിവരം ജൂൺ മാസം 30-ാം തീയതിക്കു മുൻപായി ഭാരവാഹികളുടെ പക്കലോ, ഓഫീസിലോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാ. വർഗ്ഗീസ് യോഹന്നാൻ
(വികാരി)

ജോസഫ് ചീനിക്കാല
(ട്രസ്റ്റി)

ജേക്കബ് പുല്ലാക്കുടിയിൽ
(സെക്രട്ടറി)

എ.ഒ.ജോണി
(ജന. കൺവീനർ)

രജിസ്ട്രേഷൻ കൺവീനർ
ജോസ് റ്റി. സാമുവൽ
39084403

ബഹറിനിൽ നിന്നും അവധിക്ക് നാട്ടിൽ പോകുന്നവരും, ഒരുകാലത്ത് ഈ പള്ളിക്ക് വേണ്ടി അദ്ധ്യാനിച്ച് സ്വദേശത്തേക്ക് മടങ്ങിപ്പോയ നമ്മുടെ സ്വന്തക്കാരും സുഹൃത്തുക്കളും ഒരുമിച്ച് കൂടിവരുന്നത് എത്ര ആഹ്ലാദപ്രദമാണെന്ന് അനുഭവിച്ചറിയാനുള്ളൊരു അവസരം പാഴാക്കി കളയാതിരിക്കുക.

ഈ സംരംഭത്തിൻെറ പ്രധാന സാമ്പത്തിക സ്രോതസായ സുവനീറിലേക്ക് പരസ്യവും, ഉപകാരസ്മരണയും നൽകുന്നതിന് പള്ളി ഓഫീസുമായി ബന്ധപ്പെടുക.

### Soviner Contacts

**Mr. Vinu Paulose**
Soviner Convener
00973 36054025

**Mr. Sam Kutty Thankachan**
Managing Committee Co- Ordinator
00973 39867574

### Contact in Kerala

**Mr. Dassan P. John (Kottayam)**
0091 9746623033

**Mr. K.J. John (Raju Adoor)**
0091 9446746651

**Mr. M. M. Oomman**
(Thankachen Mavelikkara)
0091 8891879749

**Mr. Mathews Joseph**
Managing Committee Co- Ordinator
0091 9744469975

MARIAN
Monthly News Bulletin
**St. Mary's Indian Orthodox Cathedral**
Kingdom of Bahrain
June 2013, Issue V



## എഡിറ്റോറിയൽ



June 29th

നമ്മുടെ ഇടവകയെ സംബന്ധിച്ചിടത്തോളം ബഹു. ജേക്കബ് കോശി അച്ചൻ തന്റെ കഴിഞ്ഞ 3 വർഷത്തെ സേവനം പൂർത്തികരിച്ച് നാട്ടിലേക്ക് മടങ്ങുന്ന ഈ സമയം ഓരോ ഇടവകാംഗ ങ്ങളുടെയും മനസ്സിൽ അതിയായ ദുഃഖമുളവാക്കുന്നു എങ്കിലും അച്ചൻ പകർന്ന് നൽകിയ എല്ലാ നല്ല കാര്യങ്ങൾക്കും ഒരിക്കൽക്കൂടി നന്ദി അർപ്പിക്കുന്നു. ഒപ്പം നമ്മുടെ പുതിയ വികാരിയായി ഇവിടേക്ക് കടന്ന് വന്ന വർഗ്ഗീസ് യോഹന്നാൻ അച്ചന് ഹൃദയംഗമായ സ്വാഗതവും ആശംസിക്കുന്നു.

പരിശുദ്ധ ശ്ലീഹന്മാരുടെ ഓർമ്മയെ കൊണ്ടാടുന്ന ഈ സമയം അവരുടെ പ്രാർത്ഥന നമുക്ക് വാഴ്‌വിന്നായി തീരട്ടെ യെന്നാശംസിക്കുന്നു...

സ്നേഹപൂർവ്വം

**സിജുമോൻ ചാക്കോ**
എഡിറ്റർ.

**Editorial Board**

| | | |
|---|---|---|
| Chief Editor | : | Thomas Vaidyan P.K. |
| Editors | : | Robby Punnen , Sijumon Chacko |
| Photos | : | Diju John & Lijo Thuruthel |
| | : | Moncy Gheevarghese |


Published by St. Mary's Indian Orthodox Cathedral, Kingdom of Bahrain
for private circulation among Cathedral members only.



നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിൻെറ നിസ്തുലനാമത്തിൽ ഏവർക്കും സ്നേഹ വന്ദനം..

ഇടവകയിലെ എല്ലാ വിശ്വാസികളും തങ്ങളുടെ തിരക്കേറിയ പലവിധമായ ജോലിഭാരങ്ങൾക്കിടയിലും ദൈവസന്നിധിയിലേക്ക് കൂടുതൽ അടുത്തു വരുവാൻ, സാമൂഹ്യവും ആത്മീയവുമായ പ്രവർത്തികളിലൂടെ അനുദിനം ആത്മീയ ഔന്നത്യം പ്രാപിക്കുവാൻ “മരിയൻ” പോലുള്ള പ്രസിദ്ധീകരണങ്ങൾ സഹായിക്കുന്നുവെന്നറിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ കർത്താവ് തൻെറ ശിഷ്യന്മാരോട് ‘‘പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ’’ അയച്ചു നിങ്ങളെ വഴിനടത്തും എന്ന് അരുളിചെയ്ത വാഗ്ദത്തം നിറവേറിയ പെന്തിക്കോസ്തി പെരുന്നാൾ സഭ ഒന്നാകെ ആഘോഷിച്ചുവല്ലോ. ശിഷ്യന്മാരിൽ നിന്നും പിൻ തുടർച്ചയായി നമ്മിലേക്കും പകർന്നു ലഭിച്ച് “സത്യത്തിൻെറ ആത്മാവ്’’ നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ ഒത്തൊരുമയോടെ ഒരു ചെറിയ പോറലുപോലുമില്ലാതെ ദൈവതിരുനാമ മഹത്വത്തിനായി തീരുവാൻ തക്കവണ്ണം വഴി നടത്തുവാൻ നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ മാതൃരാജ്യമായ ഭാരതത്തിനു പുറത്തേക്ക് ആദ്യമായി കടന്നുവന്ന ബലഹീനനായ എനിക്ക് ഇത് ഒരു പുതിയ അനുഭവമാണ്. വിവിധ മതവിശ്വാസികളും, പലവിധമായ സാംസ്കാരിക ചുറ്റുപാടുകളും ഉൾക്കൊള്ളുന്ന ഇവിടെ എൻെറ മുൻ ഗാമികൾക്ക് ലഭിച്ച ഹൃദയപൂർവ്വമായ സ്നേഹവും കരുതലും, പിന്തുണയും എനിക്ക് കരുത്തേകുന്നു. ആ പാതയിലൂടെ ഇടവക ജനങ്ങളെ മുൻപോട്ട് നയിക്കുവാൻ എൻെറ സേവനകാലം ദൈവത്തിൻെറ മുൻപാകെ . വി. മാതാവിൻെറ മദ്ധ്യസ്ഥതയിലും പരിശുദ്ധന്മാരുടെ കൂട്ടായ്മയിലും ഞാൻ സമർപ്പിക്കുന്നു..

ബഹറിനിലെ ഈ ദേവാലയത്തിൽ എനിക്കുമുൻപേ നിങ്ങളെ നയിച്ച ഏവരെയും ഈ സമയം പ്രത്യേകമായി ഓർക്കുകയും അവരുടെ വിലയേറിയ പ്രാർത്ഥനയും പിൻതുണയും ഈ കത്തീഡ്രലിൻെറ അജപരിപാലനത്തിന് എന്നെ സഹായിക്കട്ടെയെന്ന പ്രാർത്ഥിക്കുകയും അതിലൂടെ മലങ്കരസഭയുടെ യശസ്സ് വാനോളമുയരട്ടെയെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.
ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ

ദൈവത്തിൻെറ വിശ്വസ്ത സേവകൻ

ഫാ: വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ

ജൂൺ 1, 2013

Email : vattaparampilachen@gmail.com
Mob : 39445358



കർത്താവിൽ പ്രിയ സഹോദരങ്ങളെ

മൂന്നു വർഷം നമ്മുടെ ഇടവകയുടെ വികാരിയായിരുന്ന ബഹു. ജേക്കബ് കോശി അച്ചൻ തന്റെ സേവന കാലാവധി പൂർത്തിയാക്കി ബോംബെയിലേക്കു മടങ്ങുന്ന ഈ അവസരത്തിൽ അച്ചനും കുടുംബത്തിനും എല്ലാവിധ ഭാവുകങ്ങളും നേരുന്നതോടൊപ്പം, ഇതുവരെയുള്ള എല്ലാ നല്ല പ്രവർത്തനങ്ങൾക്കും ഇടവകയുടെ നാമത്തിൽ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

പുതിയ വികാരി ബഹു: വർഗീസ് യോഹന്നാൻ അച്ചനെ സ്വാഗതം ചെയ്യുന്നതോടൊപ്പം , എല്ലാവിധ ആശംസകളും അർപ്പിക്കുന്നു. അച്ചന്റെ പ്രവർത്തനങ്ങൾ ഇടവകയ്ക്ക് അനുഗ്രഹമായിരിക്കുവാൻ പ്രാർത്ഥിക്കാം. നമ്മുടെ കത്തീഡ്രലിന്റെ വികസന പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ അച്ചനു ദൈവിക ശക്തി കൂടുതലായി ലഭിക്കുവാൻ ഇടയാകട്ടെ. പുരോഹിതൻ എന്ന വാക്കിനു ലാറ്റിൻ ഭാഷയിൽ പൊന്തിഫിക്സ് എന്നു പറയുന്നു. ആ വാക്കിന്റെ അർത്ഥം പാലം പണിയുന്നവൻ എന്നാണ്. അച്ചൻ ദൈവവും മനുഷ്യനും തമ്മിലും ,മനുഷ്യനും മനുഷ്യനും തമ്മിലുമുള്ള ആത്മീയ പാലം പണിത് നമ്മെ നയിക്കുവാൻ കരുത്തു നൽകട്ടെ എന്ന് പ്രാർത്ഥിക്കാം
ഇടവക നടത്തിയ മെഗാ ഫെയറിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുന്നു. ജൂൺ അവസാനം ആരംഭിക്കുന്ന ഒ . വി . ബി. എസി ന്റെ നടത്തിപ്പു കത്തീഡ്രലിന്റെ കുരുന്നു ഹൃദയങ്ങൾക്ക് ആവേശവും അനുഗ്രഹവും ആയി മാറട്ടെ എന്നു ആശംസിക്കുന്നു.

ജൂലൈയിൽ കോട്ടയത്ത് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഇൻഡോ ബഹറിൻ കുടുംബ സംഗമം മുൻ കൂർ പേർ രജിസ്റ്റർ ചെയ്ത് വിജയപ്രദമാക്കാൻ അഭ്യർത്ഥിക്കുന്നു. മലങ്കര സഭയുടെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനായ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്ന്യാസിയോസ് തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നടത്തുന്ന പരിപാടികളിൽ ആ പരിശുദ്ധന്റെ സാന്നിധ്യം ഉണ്ടെന്നുള്ളതിനു രണ്ടു പക്ഷമില്ല.

ജൂൺ പതിനാറിനാരംഭിക്കുന്ന ശ്ലീഹാ നോമ്പിന്റെ നിറവിൽ അനുഗ്രഹം പ്രാപിക്കുന്നതോടെപ്പം, ദേവാലയത്തിന്റെ വികസനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമായി മുന്നേറുവാനും, പ്രതിബന്ധങ്ങൾ അകലുവാനും. നോമ്പിൽ നമ്മെ തന്നെ ദൈവ മുൻപാകെ സമർപ്പിക്കുകയും ചെയ്യാം.

സസ്നേഹം
**ജോസഫ് ചീനിക്കാല**
കത്തീഡ്രൽ ട്രസ്റ്റി.



നന്മ നിറഞ്ഞ ഇടവക ജനങ്ങളെ,

മൂന്ന് വർഷക്കാലം ഈ ഇടവക ജനങ്ങളെയും പള്ളിയെയും സ്നേഹിച്ച് നമ്മെ ദൈവത്തിങ്കലേക്ക് നടത്തിയ ഇടയൻ നമ്മെ വിട്ട് പോവുകയും, നമ്മെ സ്നേഹിക്കുവാനും ദൈവമാർഗ്ഗത്തിൽ നടത്തു വാനും വേണ്ടി പുതിയ ഇടയൻ ആഗതനാകുകയും ചെയ്തിരിക്കുന്നു. ഒരു ദുഖത്തിനു ഒരു സന്തോഷം. മാറ്റങ്ങൾ വേദനപ്പെടുത്തുമെങ്കിലും നമ്മുടെ വളർച്ചയ്ക്ക് മാറ്റങ്ങൾ അനിവാര്യമാണ്. അതിനാൽ വിടവാങ്ങുന്ന ദൈവത്തിൻെറ അഭിഷിക്തൻ ജേക്കബ് കോശി അച്ചനും കുടുബത്തിനും സകല ആയുരാരോഗ്യങ്ങളും, സമാധാന ജീവിതം ഉണ്ടാകട്ടെ എന്ന് മാനേജിംഗ് കമ്മറ്റിയുടെ പേരിലും ഇടവകജനങ്ങളുടെ പേരിലും ആശംസിക്കുന്നു.

ഈ ഇടവകയെ ബലപ്പെടുത്തി ദൈവ മാർഗ്ഗത്തിൽ നടത്താനായി എത്തിയ ദൈവത്തിൻെറ പ്രതിപുരുഷനായ ബഹു: വർഗ്ഗീസ് യോഹന്നാൻ അച്ചനെ ഈ ഇടവകയിലേക്ക് സസന്തോഷം സ്വാഗതം ചെയ്യുന്നു.

ജൂലൈമാസം 28–ാം തീയതി കോട്ടയം പഴയ സെമിനാരിയിൽ നടത്തുന്ന ഇൻഡോ ബഹറിൻ ഫാമിലി മീറ്റ്– 2 –ൽ കഴിയുന്നിടത്തോളം ആളുകൾ എല്ലാവരും വന്ന് സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ഈ സം രംഭത്തിൻെറ ധനശേഖരണാർത്ഥം ഇറക്കുന്ന സുവനീറിലേക്ക് പരസ്യവും, ഉപകാര സ്മരണയും തന്ന് സഹായിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ഈ മാസം 16–ാം തീയതി ശ്ലീഹാനോമ്പ് ആരംഭിച്ച് 29–ാം തീയതി മാർ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മയോടെ നോമ്പ് അവസാനിക്കുന്നു.

സൺ ഡേസ്കൂൾ ൻെറ ആഭിമുഖ്യത്തിൽ 28–ാം തീയതി മുതൽ നടത്തുന്ന ഒ. വി. ബി. എസി ന് ഇവിടെ യുള്ള് എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികളും പങ്കെടുത്ത് വിജയപ്രദമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ രാജ്യത്തിൻെറ സമാധാനത്തിനുവേണ്ടിയും, നമ്മുടെ പള്ളിയുടെ വികസന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയും നമ്മുടെ പ്രാർത്ഥിക്കാം.
നമ്മുടെ പുതിയ വികാരിയച്ചനെ വി : ത്രിത്വം ശക്തീകരിച്ച് നമ്മെ വഴി നടത്തട്ടെ എന്ന് ആശംസിച്ച് കൊണ്ട്

ഒത്തിരി ഒത്തിരി സ്നേഹത്തോടെ.

**കത്തീഡ്രൽ സെക്രട്ടറി**

ജേക്കബ് പുല്ലാക്കുടിയിൽ

# Batelco Mega Fair 2013
































Batelco Mega Fair 2013 Ist Prize Winner

St. George Perunnal



Penthicosti Perunnal





H.G Ivanios Thirumeni 40th Day of Demise









Marthamariyam Medical Camp





Memento Presentation





Farewell



Receiving Our New Vicar at Airport



KCEC Induction Ceremony





Fare well to Our beloved Vicar Fr. Jacob Koshy (Church Choir)



Fare well to Our beloved Vicar Fr. Jacob Koshy (St. Pauls)

# Fare well to Our beloved Vicar Fr. Jacob Koshy



Managing Committee 2013



AMOSS



MGOCSM



OCYM



# കവിത

പറയുവാനുണ്ട്...അച്ചാ.....ഒരുപാട്...എങ്കിലും..

കരളലിയിപ്പിക്കുന്ന ആ ദിവ്യ വചസ്സുകൾക്ക്..
നന്ദിയെങ്ങനെ പറയണമെന്നറിയാതെ..
വാക്കുകൾ ഒഴുകുന്ന ചുണ്ടിൽ തുളുമ്പുവാൻ...
കവിതപോലും വറ്റി വരണ്ടുപോയെങ്കിലും....

മായാത്ത പുഞ്ചിരി മനസ്സിൽ സൂക്ഷിക്കുന്ന...
ആത്മീയചൈതന്യം ഉള്ളിൽ ഉറങ്ങുന്ന...
വന്ദ്യ പിതാവേ... അങ്ങയ്ക്ക്മുൻപിൽ...
ഞങ്ങൾ അർപ്പിക്കുന്നിതാ...ഒരായിരം സൂനങ്ങൾ..

ഒപ്പം..ഞങ്ങളെ ആശീർവദിക്കുന്ന...
ആ പൊൻ കരങ്ങൾ.. എങ്ങും....എവിടെയും..
പവിത്രമായിരിക്കട്ടെയെന്നാശംസിക്കുന്നു......
നന്ദി.. നന്ദി.. നന്ദി..

സ്നേഹപൂർവ്വം
**തോമസ്സ് വൈദ്യൻ**
ചീഫ് എഡിറ്റർ



## ആശംസകൾ

നമ്മുടെ ഇടവകയിൽ നിന്നും KCEC 2013-14 വർഷത്തേ എക്സിക്യൂട്ടീവ് കമ്മറ്റീയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട, Mr. Renji Mathew, Mr. Thomas Vaidyan എന്നിവർക്ക് ഇടവകയുടെ ആശംസകൾ ....



# ചരമ അറിയിപ്പ്

നമ്മുടെ ഇടവകാംഗവും മുൻ കമ്മിറ്റി മെമ്പറും ആയിരുന്ന ഈസാ റ്റൗൺ / സൽമാബാദ് ഏരിയായിൽ താമസിച്ചിരുന്ന ജേക്കബ് തുണ്ടിയിൽ (45) 25/05/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം ചെന്നിത്തല സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെട്ടു.

---

ഗുദേബിയാ ഏരിയായിൽ താമസിക്കുന്ന ശ്രി ഐപ്പ് വി ഈപ്പൻെറ സഹോദരൻ വി ഈ ജോസഫ് 12/05/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം മീനടം സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെട്ടു.

---

സൽമാനിയാ ഏരിയായിൽ താമസിക്കുന്ന ശ്രി. വി. തോമസ്സ് മത്തായിയുടെ ഭാര്യാ മാതാവ് അന്നമ്മ വർഗ്ഗീസ്സ് ( 76 ) 12/05/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം ഏഴംകുളം കൈതപറമ്പ് സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെട്ടു.

---

മനാമ ഏരിയായിൽ താമസിക്കുന്ന ശ്രി. കെ ജെ ജോസഫ് വർഗ്ഗീസിൻെറ മാതാവ് ലീലാമ്മ ജോസഫ് (74) 23/05/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം പുതിയകാവ് സെൻറ് മേരീസ് കത്തീഡ്രലിൽ നടത്തപ്പെട്ടു.

---

അദില്യാ/ ഉമ്മൽഹസം ഏരിയായിൽ താമസിക്കുന്ന ശ്രി. ബാബു ജോണിൻെറ ഭാര്യാ മിനി ബാബു 07/05/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം ഇടവങ്കാട് സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെട്ടു.

---

## Holy Land Visit

യുവജനപ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഒക്റ്റോബർ 14 മുതൽ 23 വരെ ഹോളി ലാൻറ് വിസിറ്റ് നടത്തപ്പെടുന്നു. താൽപര്യം ഉള്ളവർ യുവജനപ്രസ്ഥാനം സെക്രട്ടറി– ശ്രി. ഷിബു ജോർജ്ജുമായോ, കോർഡിനേറ്റർ ശ്രി . ബിനു പാപ്പച്ചനുമായി ബ്ന്ധപ്പെടുക.






MUSIC

Exciting colourful programmes for all children in one action packed week

STORIES

ACTION

Love Feast

Students & Teachers together share the love feast

Bible Lessons, Stories, Songs and Action Songs, Teen Classes, Games, Quiz, March Past, Multimedia Presentations, Visual Media Classes, Devotional Address and many more...

Final Day Celebration

At the Indian School Auditorium.
Friday July 5th 2013
at 3:30 pm

FEAST

Pray for OVBS
Enroll your Children
Serve as a Teacher
Be a Volunteer



**Dn. Anish Peter John**
**Welcome to Our Church for OVBS**
**Kingdom of Bahrain**

*Welcome One & All !!*

jashen simon

St. Mary's Indian Orthodox Cathedral
P.O.Box.834, Manama, Kingdom of Bahrain, Tel : 17252980, Fax : 17276092
E-mail : stmarys@batelco.com.bh Website : www.stmarybahrain.com

# OVBS 2013



**Theme :**
Humble Yourself Before the Lord ( St. James 4:10 )

കർത്താവിന്റെ സന്നിധിയിൽ താഴുവിൻ .....
വി: യാക്കോബ് 4:10

| Date | Time | Area | Address /Venue |
|---|---|---|---|
| **6/6/2013** | **7.30 P.M** | **Church South** | **Dr. Jonh Panackal**<br>Flat: 703, Bldg: 419<br>B F C Bldg Salmaniya, Mob: 39963855 |
| **7/6/2013** | **4.30 P.M** | **Riffa Sitra** | **Mr. Sajeev Chacko**<br>Flat: 12 ,Bldg:102 ,Blk: 939<br>Road # 2702- East Riffa, Mob:39332512 |
| **7/6/2013** | **6.00 P.M** | **Church North** | **Mr. Aji P Joy**<br>Flat: 1, Bldg : 958 , Blk:311,<br>Road # 1134 - Salmaniya,Mob: 39564416 |
| **10/6/2013** | **8.00 P.M** | **Isatown / Salmabad** | **Mr. Sunil A.g**<br>Villa : 2018,Blk: 721 ,Road:2155<br>Isa Town, Mob: 33286524 |
| **14/06/2013** | **4.30 P.M** | **Gafool / Khamis** | **Mr. Rosh T Paulose**<br>Villa : 9 ,Blk:506, Rd. 612<br>Mansor Garden 02, Janusan, Budaiya<br>Mob:36054000 |
| **14/06/2013** | **5.30 P.M** | **Hoora** | **Mr. Biju Varghese**<br>Flat: 22 ,Bldg: 1876,Blk:318<br>Road:1833 .Mob: 39966924 |
| **14/06/2013** | **6.00 P.M** | **Gudaibiya** | **Mr. John Varghese**<br>Flat: 23 ,Bldg:460 ,Blk:308<br>Road : 813 Behind Mars Computer<br>Mob: 39680154 |
| **14/06/2013** | **7.30 P.M** | **American Mission** | **Mr. Dipin Mathew**<br>Flat: 22 ,Bldg: 223 , Rd: 837<br>Awal Cinema Road<br>Near Delmon Electrical Company<br>Mob:33361749/39665909 |
| **21/06/2013** | **4.30 P.M** | **Sugaiya / Zinj** | **Mr. Koshy K Oommen**<br>Bldg: 73 ,Blk:330, Rd: 3003<br>Zinj , Mob: 39623291 |
| **21/06/2013** | **6.00 P.M** | **Adliya/ Ummal Hassam** | Hosted by **Mr. Varkey Thomas**<br>THEOPILOS HALL, SMIOC<br>Mob: 39290631 |
| **21/06/2013** | **7.30 P.M** | **Muharaq** | **Mr. Roy Thomas**<br>Flat: 13 ,Bldg: 1876,Blk:215<br>Road: 1557, Mob: 36070561 |
| **28/06/2013** | **4.30 P.M** | **Salmaniya** | **Mr. Alex Baby**<br>Flat: 3 ,Bldg: 102,Blk:329<br>Road: 2902 , Salmaniya<br>Mob: 39662085 |
| **28/06/2013** | **7.15 P.M** | **Manama** | **Mr. Anil K Varghese**<br>Flat: 203 ,Bldg: 1770,Blk:302<br>Mob: 39041029 |
| | | **Sh. Hammad / Lulu** | **To be Announced** |



**Mr. Jacob Thundiyil Yohannan**
**Died on 24-05-2013**

**Heartfelt condolence for our beloved member.**

**By Members of The Managing Committee 2004.**

# Favours Received



Josi John & Sheeba Josi
Niyadeena Josi
Nohin John Josi



Miju John
Jolly Miju
Joshua Miju john
Manna  Maria Miju



Mathews Joseph & Susy Mathews
Blessy Ann Mathews
Bestey Mary Mathews
Binsy Marim Mathews



Mathews George
Jolly Mathews
Nitin George Mathews
Nishi Mathews



Robby Punnen
Manjusha Robby
Jeena Anna Robby
Gemma Susan Robby



Well Wisher